LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾ - സ്ത്രീകൾ- മുതിർന്ന പൗരന്മാർ എന്നിവരുടെ സംരക്ഷണം

258 (1683) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾ-സ്ത്രീകൾ-മുതിർന്ന പൗരന്മാർ എന്നിവരുടെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനും ശാക്തീകരണത്തിനും പുതിയ എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കേരള സാമൂഹിക മിഷൻ പദ്ധതികൾ 2014-15

259 (1684) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിൻ കീഴിലെ കേരള സാമൂഹിക മിഷൻ പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിരുന്നു ; 2015 ഫെബ്രുവരി 28 വരെ എത്ര രൂപ ചിലവാക്കി ;

(ബി) 2014-15 ൽ ആശ്വാസ കിരണം പദ്ധതിക്ക് എത്ര രൂപ വകയിരുത്തി ; എത്ര രൂപ നാളിതുവരെ ചിലവഴിച്ചു ; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(സി) കാൻസർ സുരക്ഷ പദ്ധതിക്കായി എത്ര രൂപ 2014-15-ൽ വകയിരുത്തി; എത്ര രൂപ നാളിതുവരെ ചിലവഴിച്ചു ; എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചു ;

(ഡി) താലോലം പദ്ധതിക്ക് 2014-15-ൽ എത്ര രൂപ വകയിരുത്തി ; എത്ര രൂപ നാളിതുവരെ ചിലവഴിച്ചു ; എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിച്ചു ;

(ഇ) ശ്രുതിതരംഗം പദ്ധതിക്ക് 2014-15-ൽ എത്ര രൂപ വകയിരുത്തി ; നാളിതുവരെ എത്ര രൂപ ചിലവഴിച്ചു ; ആയതിൻപ്രകാരം എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(എഫ്) വയോമിത്രം പദ്ധതി 2014-15-ൽ എത്ര രൂപ വകയിരുത്തി ; എത്ര രൂപ നാളിതുവരെ ചിലവഴിച്ചു ; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 83.3 കോടി രൂപ പ്ലാൻ ഇനത്തിലും 3.15 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും വകയിരുത്തിയിരുന്നു. 2015 ഫെബ്രുവരി 25 വരെ പ്ലാൻ ഇനത്തിൽ 87,91,64,053 രൂപയും നോൺ പ്ലാൻ ഇനത്തിൽ 4,81,53,101 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) 23 കോടി രൂപ വകയിരുത്തി. നാളിതുവരെ 36,89,98,375 രൂപ ചെലവഴിച്ചു. 63544 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) ക്യാൻസർ സുരക്ഷാ പദ്ധതിയ്ക്കായി 2014-15 വർഷത്തിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ടി പദ്ധതിക്കായി 4,55,00,000 രൂപ ചെലവഴിച്ചു. കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത 3700 കുട്ടികളിൽ ആവശ്യമുള്ള കുട്ടികൾക്ക് തുടർ ചികിത്സയും രജിസ്റ്റർ ചെയ്ത 515 പേർക്ക് ടി പദ്ധതിയുടെ പ്രയോജനം പുതുതായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) താലോലം പദ്ധതിയ്ക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ടി പദ്ധതിയ്ക്കായി 5,32,59,000 രൂപ ചെലവഴിച്ചു. 1304 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം പുതുതായി ലഭ്യമാക്കിയതിനൊപ്പം മുൻവർഷം രജിസ്റ്റർ ചെയ്ത 8433 കുട്ടികളിൽ ആവശ്യമുള്ള കുട്ടികൾക്ക് തുടർചികിത്സയും നൽകി.

(ഇ) 2014-15 സാമ്പത്തികവർഷം 'ശ്രുതിതരംഗം' പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ടി പദ്ധതിയ്ക്കായി 5,55,18,264 രൂപ ചെലവഴിച്ചിട്ടുണ്ട്. 69 കുട്ടികൾക്ക് 2014-15 സാമ്പത്തിക വർഷം സർജറി നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

(എഫ്) വയോമിത്രം പദ്ധതിയ്ക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 7 കോടി രൂപ വകയിരുത്തി. നാളിതുവരെ 6,16,17,257 രൂപ ചെലവഴിച്ചു. 127876 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ഹെൽപ്പ് ഡെസ്ക്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ, സൗജന്യ മരുന്ന്, കൗൺസിലിംഗ് സേവനം എന്നിവ നൽകി വയോജനങ്ങൾക്ക് ആശ്വാസം പകരുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് വയോമിത്രം.

LIBRARY ARCHIVES Kerala Legislative Assembly